# വനിതാ കമ്മീഷൻ – ലക്ഷ്യം അട്ടിമറിക്കപ്പെടുന്നു: സുഗതകുമാരി

കമ്മീഷൻ പിരിച്ചുവിടലിനെതിരെ ശക്തമായ ഭാഷയിൽ പ്രതികരിക്കാൻ മടികാണിച്ച ടീച്ചർ, ടീച്ചർ ചെയർപേഴ്സണായി ഇരിക്കുന്ന സമയത്ത് കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ന്യൂനതയും വ്യക്തപരമായി നേരിടേണ്ടിവന്ന വൈഷമ്യങ്ങളേയും സൂചിപ്പിക്കുകയാണ് ചെയ്തത്. കമ്മീഷനിൽ വന്നുകൊണ്ടിരുന്ന അതിശക്തമായ രാഷ്ട്രീയ സമ്മർദ്ദങ്ങളേയും സാമ്പത്തിക വൈഷമ്യങ്ങളുടെ ഭാഗമായി നേരിടേണ്ടിവന്ന പ്രവർത്തനവൈകല്യങ്ങളേയും വിവരിച്ചുകൊണ്ട് ഇത്തരം രീതിയിലാണ് കമ്മീഷൻ മുന്നോട്ടു കൊണ്ടുപോകാൻ ഗവ. ഉദ്ദേശിക്കുന്നതെങ്കിൽ കമ്മീഷന്റെ സ്ഥാപകലക്ഷ്യവും ദർശനവും അട്ടിമറിക്കപ്പെടുമെന്ന് മുൻപേ തന്നെ സംശയം തോന്നിയിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. കമ്മീഷന്റെ നിയമാവലിക്കുള്ളിൽ നിന്നുകൊണ്ടല്ലാതെ, അതേ സമയം നിയമലംഘനം നടത്താതെ കേരളത്തിലെ സാധാരണക്കാരായ സ്ത്രീകളുടെ അവഗണിക്കപ്പെടുന്ന പ്രശ്നങ്ങളിൽ നേരിട്ടിടപെട്ട് മുഖ്യധാരയുടെ ശ്രദ്ധയിൽ കൊണ്ടു വരാൻനേരിട്ടും പരോക്ഷമായും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ്  ചെയ്തിരുന്നത്. തനിക്ക് ശേഷം വന്ന ചെയർപേഴ്സൺ ഉന്നയിച്ച മുൻകാല പ്രവർത്തന വൈകല്യങ്ങൾ കമ്മീഷൻ അറിഞ്ഞുകൊണ്ടു തന്നെ ഇടപെട്ട് പ്രവർത്തിച്ചിരുന്നതാണ്. കോഴിക്കോട് സംഭവം, പി.ഇ. ഉഷ സംഭവം എന്നീ പ്രശ്നങ്ങളിൽ ചെയർപേഴ്സൺ എന്ന രീതിയിൽ കഠിനപ്രയാസങ്ങൾ നേരിടേണ്ടി വന്നു" ടീച്ചർ പറയുന്നു.

*വള്ളിക്കുന്ന് പഞ്ചായത്തിൽ പരിസ്ഥിതി പ്രവർത്തകരുടെ കൂട്ടായ്മയിൽ പങ്കെടുക്കാനെത്തിയ പ്രമുഖപരിസ്ഥിതി പ്രവർത്തക ശ്രീമതി സുഗതകുമാരി വനിതാകമ്മീഷൻ പിരിച്ചുവിടലിനെ പറ്റി കേരളീയത്തിനോട് സംസാരിക്കുകയുണ്ടായി.*

തയ്യാറാക്കിയത്
ജോൺ സെബാസ്റ്റ്യൻ, സുന്ദരരാജൻ

"കമ്മീഷനകത്തു തന്നെയുണ്ടായ  വ്യക്തമായ രാഷ്ട്രീയ ചേരിതിരിവ് കമ്മീഷന്റെ സ്ഥാപകലക്ഷ്യത്തെപോലും അട്ടിമറിക്കുന്ന രീതിയിലായിരുന്നു.

കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പോലും ഉന്നതതലങ്ങളിൽ നിഷ്ഫലമാവുകയായിരുന്നു. കമ്മീഷന്റെ ഏറ്റവും പ്രധാനചുമതലയായ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ പ്രശ്നങ്ങളെ പരിഹരിക്കുക എന്നത് ഗവൺമെന്റിന്റെ മനപ്പൂർവ്വമായ അലസമനോഭാവം കൊണ്ട് നിഷ്ഫലമാവുകയാണുണ്ടായത്. കഴിഞ്ഞ സർക്കാരിന് സമർപ്പിച്ചിരുന്ന 52 നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുക പോലും ചെയ്യാതെ അടച്ചുവച്ചിരിക്കുകയാണ്".  കമ്മീഷന്റെ നിർദ്ദേശങ്ങൾ രണ്ടുമാസത്തിനുള്ളിൽ നിയമസഭയിൽ ചർച്ചചെയ്യണമെന്ന വ്യക്തമായ ആക്ട് ഉള്ളപ്പോഴാണ് ഈ ദുര്യോഗം ഉണ്ടായതെന്ന് ടീച്ചർ ഓർമ്മിപ്പിച്ചു. എങ്കിലും ഇന്ത്യയിലെ തന്നെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കമ്മീഷന് നടത്താൻ കഴിഞ്ഞത് ആരേയും പേടിക്കാതെ കമ്മീഷനിലെ ചുരുക്കം ചിലരുടെ ആത്മാർത്ഥ സേവനം കൊണ്ടാണ്. പക്ഷെ എനിക്കു ശേഷം വന്ന ചെയർപേഴ്സൺ നിയമത്തിന്റെ പശ്ചാതലത്തിൽ നിന്നു വരികയാലായിരിക്കണം കൃത്യമായ നിയമചട്ടങ്ങളിൽ നിന്നുകൊണ്ട് കമ്മീഷൻ പ്രവർത്തനം മുന്നോട്ടു നീക്കാൻ തീരുമാനിച്ചത്. ഇങ്ങനെ കൃത്യമായ നിയമാവലിയനുസരിച്ച് മാത്രമേ നീങ്ങൂ എന്ന് വാശിപിടിച്ചാൽ മറ്റുകോടതികളെ പോലെ ജനങ്ങളിൽ നിന്ന് പ്രത്യേകിച്ച് വളരെ പാവപ്പെട്ട സ്ത്രീകളിൽ നിന്ന് , അകന്നുനിന്നുകൊണ്ട് കമ്മീഷന് പ്രവർത്തിക്കാനാവൂ എന്ന് ബോധ്യമായതുകൊണ്ടാണ് നേരത്തെ സൂചിപ്പിച്ചതുപോലെ കർശനമായി കമ്മീഷന്റെ നിയമാവലിക്കുള്ളിലൊതുങ്ങാതെ, അതേ സമയം നിയമലംഘനം നടത്താതെ പ്രവർത്തനം മുന്നോട്ട് കൊണ്ടു വരാൻ മുൻകമ്മീഷന് സാധിച്ചിത്.

ഇത്തരം ഒരവസ്ഥയിൽ എങ്ങനെയായിരിക്കണം വനിതാകമ്മീഷന്റെ പ്രവർത്തനങ്ങൾ നടക്കേണ്ടത് എന്ന് ടീച്ചറുടെ കാഴ്ചപ്പാടിനെ കുറിച്ച് കേരളീയം ചോദിക്കുകയുണ്ടായി., സ്ത്രീകളുടെ പ്രശ്നം മൊത്തം സമൂഹമായും സാമൂഹികബോധങ്ങളാലും ബന്ധപ്പെട്ടു കിടക്കുന്നു എന്ന അടിസ്ഥാനബോധത്തിൽ നിന്നുകൊണ്ട് വേണം കമ്മീഷന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കേണ്ടത് എന്ന് ടീച്ചർ അഭിപ്രായപ്പെട്ടു. "വളരെ ശക്തമായ, പ്രത്യക്ഷമായ രാഷ്ട്രീയ ഇടപെടലിൽ നിന്ന് കമ്മീഷനെ മോചിപ്പിക്കുക വഴി മാത്രമേ യഥാർത്ഥപ്രശ്ന പരിഹാരം സാധ്യമാകൂ. കമ്മീഷൻ വിഭാവനം ചെയ്ത പലകാര്യങ്ങളും നടപ്പിൽ വരുത്തിയിട്ടില്ല. സംസ്ഥാനതലം, ജില്ലാതലം, പഞ്ചായത്തുതലം എന്നിങ്ങനെ ശക്തമായ ഒരു ത്രിതലസംവിധാനം രൂപീകരിക്കുകവഴി കമ്മീഷന് നേരിട്ട് ജനങ്ങളോട് ഇടപെടുകയും പ്രശ്നപരിഹാരം സാധ്യമാവുകയുള്ളൂ. ജാഗ്രതാസമിതി പോലുള്ളവ രൂപീകരിക്കുമ്പോൾ വേതനത്തിനുപരിയായി അർപ്പണമനോഭാവമുള്ള അംഗങ്ങളെ ഉൾപ്പെടുത്തുകൊണ്ട് ശരിയായ രീതിയിൽ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കൂ. സംസ്ഥാനതലം മുതൽ പഞ്ചായത്ത് തലം വരെ രാഷ്ട്രീയ പാർട്ടികൾക്ക് വീതം വെച്ച് അംഗങ്ങളെ കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം."

വനിതാകമ്മീഷൻ പിരിച്ചുവിട്ടതുകൊണ്ട് ആകാശം ഇടിഞ്ഞുവീഴാൻ പോകുന്നില്ല എന്ന അഭിപ്രായത്തോടെ ടീച്ചർ പുതിയ സർക്കാർ വീണ്ടും കമ്മീഷനെ നിയമിക്കുകയും ഭരണകക്ഷിയിലെ രാഷ്ട്രീയ പാർട്ടികൾക്ക് സ്ഥാനമാനങ്ങൾ വീതിച്ചു കൊടുക്കുകയും ചെയ്യുമെന്ന് മറ്റെല്ലാകാര്യങ്ങളിലെന്ന പോലെ ഇതും രാഷ്ട്രീയ കളികളുടെ ഭാഗമായി തുടരുകയും ചെയ്യും എന്നു പറഞ്ഞുകൊണ്ട് നിർത്തി.